തൃശ്ശൂർ കോൾ നിലങ്ങളിലെ ബണ്ടുനിർമ്മാണം

* 274 [414] ശ്രീ. പി. വിജയദാസ് :
,, വി. സി. കബീർ :
,, എ. സി. ഷൺമുഖദാസ് :
,, കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കോൾ നിലങ്ങളിലെ കർഷകരെ സഹായിക്കുന്നതിന് ആരംഭിച്ച സ്ഥിരം ബണ്ടുനിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലിരിക്കുന്നു;

(ബി) 1986 ജൂൺ 30 വരെ ഇതിനുവേണ്ടി ആകെ ചെലവഴിച്ച സംഖ്യ എത്ര;

(സി) ഇതിന്റെ റിവൈസ്ഡ്, എസ്റ്റിമേറ്റ് എത്ര;

(ഡി) ഈ എസ്റ്റിമേറ്റ് എന്നാണ് നബാർഡിന് സമർപ്പിച്ചത് ;

(ഇ) റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം കിട്ടിയോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) 82.50 കി. മി. ബണ്ടു നിർമ്മിച്ചുകഴിഞ്ഞു. 75 കി.മീ. ബണ്ടു നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) 7.23 കോടി രൂപ.

(സി) 21.41 കോടി രൂപ.

(ഡി) 1982 ജനുവരി മാസം.

(ഇ) ഇല്ല.

റേഷൻ കാർഡുടമകൾക്ക് കൃത്യമായ അളവിൽ സാധനങ്ങൾ ലഭ്യമാക്കാൻ നടപടികൾ

* 275 [415] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, വി. കെ. രാജൻ :
,, എ. കെ. കേശവൻ :
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് കൃത്യമായ അളവിൽ സാധനങ്ങൾ ലഭിക്കുന്നില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൃത്യമായ അളവിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും , വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ ബി) ചില റേഷൻ കടകളിൽനിന്ന് കൃത്യമായ അളവിൽ സാധനങ്ങൾ കിട്ടുന്നില്ല എന്നുള്ള പരാതികൾ ലഭിക്കാറുണ്ട്. അങ്ങനെ പരാതി ലഭിക്കുന്ന കടകളെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെക്കൊണ്ട് അടിയന്തിരമായി അന്വേഷിച്ച് വേണ്ട മേൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കാർഷികാദായനികുതി ചുമത്തുന്നതിനുള്ള സമ്പ്രദായം

* 276 [416] ശ്രീ. പി. പി. തങ്കച്ചൻ :
,, കെ. കെ. തോമസ് :
,, ജോസ് കുറിയാനി :
,, കെ. മുഹമ്മദാലി :
,, എ. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാദായനികുതി ചുമത്തുന്നതിന് നിലവിലുള്ള സമ്പ്രദായം എപ്രകാരമാണ് ;

(ബി) ഈ സമ്പ്രദായം പരിഷ്കരിക്കാൻ ഉദ്ദേശമുണ്ടോ ;

(സി) ഇതിനായി ഏതെങ്കിലും വിദഗ്ദ്ധസമിതി രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ സമിതിയുടെ ശുപാർശകൾ എന്തെല്ലാമാണ് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) കാർഷികാദായനികുതി ചുമത്തുന്നത് ഓരോ വർഷത്തിലുമുള്ള കാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

(ബി, സി, ഡി) കാർഷികാദായനികുതി, വിൽപ്പനനികുതി നിയമങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുവാൻ ജസ്റ്റിസ് ജോർജ് വടക്കേൽ ചെയർമാനായി ടാക്സസ് കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷൻ പഠനം പൂർത്തിയാക്കി ഫൈനൽ റിപ്പോർട്ട് നൽകിയിട്ടില്ല.

ഹരിജനങ്ങൾക്ക് കൃഷിഡിപ്പാർട്ടുമെന്റിൽ നിന്നും നൽകുന്ന സഹായങ്ങൾ

* 277 [417] ശ്രീ. പി. കുമാരൻ :
,, കെ. റ്റി. കുണ്ടാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനങ്ങൾക്ക് കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു ;

(ബി) ഇത് ഏതെല്ലാം ഏജൻസികൾ വഴിയാണ് നൽകിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly